"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ആലപ്പുഴ ജില്ലയിലെ തലവടി ഗ്രാമ പഞ്ചായത്ത് ഓഫീസ് പ്രവർത്തനം വാടക കെട്ടിടത്തിലേക്ക് മാറ്റി സ്ഥാപിക്കുന്നത് - ഗ്രാമ പഞ്ചായത്തിലെ 26.06.2020, 30.06.2020 തീയതികളിലെ തീരുമാനങ്ങൾ താൽകാലികമായി നിറുത്തി വച്ചുകൊണ്ടും കേരള പഞ്ചായത്ത് രാജ് ആക്റ്റ് 191 (2) വകുപ്പ് പ്രകാരമുള്ള റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി ഈ വിഷയം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ഓംബുഡ്സ്മാന്റെ പരിഗണനയ്ക്ക് നൽകിക്കൊണ്ടും ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.എം) വകുപ്പ്**

**സ.ഉ.(സാധാ)നം.2081/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 05.11.2020**

---

പരാമർശം:1. ആലപ്പുഴ ജില്ലയിലെ തലവടി ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയുടെ 26.06.2020 തീയതിയിലെ 1-ാം നമ്പർ തീരുമാനം, 30.06.2020 തീയതിയിലെ 1-ാം നമ്പർ തീരുമാനം.

2. പഞ്ചായത്ത് ഡയറക്ടറുടെ 18.08.2020-ലെ പി.എ.എൻ/3146/2020-സി2(ഡി.പി) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ആലപ്പുഴ ജില്ലയിലെ തലവടി ഗ്രാമ പഞ്ചായത്ത് ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടം കാലപ്പഴക്കം കൊണ്ടും പ്രളയം മൂലവും ഉപയോഗയോഗ്യമല്ലെന്നും അപകടകരമായ അവസ്ഥയിലാണെന്നും അൺഫിറ്റായ കെട്ടിടത്തിൽ അറ്റകുറ്റപ്പണി സാധ്യമല്ലെന്നുമുള്ള തദ്ദേശ സ്വയംഭരണ വകുപ്പ് അസിസ്റ്റന്റ് എൻജിനീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഓഫീസ് പ്രവർത്തനം വാടക കെട്ടിടത്തിലേക്ക് മാറ്റുന്നതിനും പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും തീരുമാനിച്ചിരുന്നു എന്നും എന്നാൽ ഓഫീസ് കെട്ടിടം നിലനിൽക്കുന്ന സ്ഥലത്തിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖകൾ ലഭ്യമല്ലാത്ത സാഹചര്യത്തിൽ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് തർക്കമുണ്ടാകാൻ സാധ്യതയുള്ളതിനാൽ തൽക്കാലം ഓഫീസ് പ്രവർത്തനം മറ്റൊരു കെട്ടിടത്തിലേക്ക് മാറ്റേണ്ടതില്ല എന്ന് ഭരണ സമിതി തീരുമാനിച്ചിട്ടുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ പരാമർശം (2) കത്ത് പ്രകാരം അറിയിച്ചിരുന്നു. ഇതു സംബന്ധിച്ച് ആവശ്യമായ നടപടികൾ സർക്കാർ തലത്തിൽ സ്വീകരിക്കണമെന്ന് അപേക്ഷിച്ചിരുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പൂർണ്ണമായും ഉപയോഗയോഗ്യമല്ലാത്ത കെട്ടിടത്തിൽ പഞ്ചായത്ത് ഓഫീസ് പ്രവർത്തിക്കുന്നത് ജീവനക്കാരുടെയും പൊതുജനങ്ങളുടെയും ജീവനും സുരക്ഷയ്ക്കും ഭീഷണി ആയതിനാൽ, 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് 191 (4) വകുപ്പ് പ്രകാരം തലവടി ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയുടെ 26.06.2020 തീയതിയിലെ 1-ാം നമ്പർ തീരുമാനവും, 30.06.2020 തീയതിയിലെ 1-ാം നമ്പർ തീരുമാനവും കേരള പഞ്ചായത്ത് രാജ് ആക്റ്റ് 191 (2) വകുപ്പ് പ്രകാരമുള്ള നടപടിക്രമം പൂർത്തിയാക്കി അവസാന തീർപ്പാക്കുന്നതു വരെ താൽകാലികമായി നിറുത്തി വച്ചുകൊണ്ടും കേരള പഞ്ചായത്ത് രാജ് ആക്റ്റ് 191 (2) വകുപ്പ് പ്രകാരമുള്ള റിപ്പോർട്ട് സർക്കാരിന് ലഭ്യമാക്കുന്നതിനായി ഈ വിഷയം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ഓംബുഡ്സ്മാന്റെ പരിഗണനയ്ക്ക് നൽകിക്കൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സുനിത ഐ**
**ഡെപ്യൂട്ടി സെക്രട്ടറി**

സെക്രട്ടറി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാൻ,
സാഫല്യം കോംപ്ലക്സ്, പാളയം, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
പ്രസിഡന്റ് / സെക്രട്ടറി, തലവടി ഗ്രാമ പഞ്ചായത്ത്, ആലപ്പുഴ ജില്ല.
ജില്ലാ കളക്ടർ, ആലപ്പുഴ. (കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം പഞ്ചായത്തിന്റെ പേർക്കാക്കാനുള്ള നടപടി ത്വരിതപ്പെടുത്തുന്നതിനായി)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ